ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 28.08.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. പ്രധാനമന്ത്രി ജൻ ധൻ യോജനയുടെ 10-ാം വാർഷികം ഇന്ന്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമ്പത്തിക ശാക്തീകരണത്തിന് പദ്ധതി സഹായകമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Pradhan Mantri Jan Dhan Yojana today completed 10 years. The scheme helped in boosting financial empowerment of marginalized communities ; says PM Modi.**

2. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷക്കായി സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ ദേശീയ ദൗത്യസേന ഇന്ന് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യും.

   **The National Task Force will hold a meeting with states to discuss short term measures for the security medical professionals.**

3. ഇന്ത്യ - ചിലി സംയുക്ത കമ്മീഷൻ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും, ചിലി വിദേശകാര്യമന്ത്രിയും സംയുക്ത അധ്യക്ഷത വഹിക്കും.

   **India-Chile Joint Commission Meeting to be held in New Delhi today. External Affairs Minister Dr. S. Jaishankar and Foreign Affairs Minister of Chile will co-chair the meet.**

4. ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ എന്തുകൊണ്ടാണ് അന്വേഷണം നടത്താത്തതെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കണമെന്ന് പ്രതിപക്ഷം; യുവ നടിയുടെ പരാതിയിൽ നടൻ സിദ്ദിഖിനെതിരെ പൊലീസ് കേസെടുത്തു.

**State Government needs to clarify why it is not conducting inquiry into Hema Committee report; says opposition. Police registered case against acyor Siddique in wake of complaint by young actress.**

5. **പാരീസ് പാരാലിമ്പിക്സിന് ഇന്ന് തുടക്കം. ഇന്ത്യയ്ക്കായി മത്സരിക്കുന്നത് 84 കായിക താരങ്ങൾ.**
   **Paris Paralympics to begin today. 84 Indian athletes will compete.**

&&&&&&&&&&&&&&&&

## HEADLINE – 1
## PMJDY 10 YEAR

പ്രധാനമന്ത്രി ജൻ ധൻ യോജനയുടെ 10-ാം വാർഷികം ആചരിക്കുന്ന ഇന്ന് എല്ലാ ഗുണഭോക്താക്കൾക്കും അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കോടിക്കണക്കിന് ആളുകൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾ, യുവാക്കൾ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിന് പദ്ധതി സഹായകമായതായി പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ ഓരോ കുടുംബത്തിനും ഒരു അടിസ്ഥാന ബാങ്കിംഗ് അക്കൗണ്ട്, വായ്പ, ഇൻഷുറൻസ്, പെൻഷൻ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുക, സാമ്പത്തിക സാക്ഷരത തുടങ്ങിയവയാണ് പ്രധാനമന്ത്രി ജൻ ധൻ യോജനയിലൂടെ ലക്ഷ്യമിടുന്നത്. ഇതുവരെ 53.13 കോടി ഗുണഭോക്താക്കളാണ് ജൻധൻ ബാങ്ക് അക്കൗണ്ട് തുറന്നത്.

&&&&&&&&&&&&&&&&

## HEADLINE – 2
## TASK FORCE – MEETING

ഡോക്ടർമാരടക്കം ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷയും സംരക്ഷണവും

ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ ദേശീയ ദൗത്യസേന ഇന്ന് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യും. ഓൺലൈനായി ചേരുന്ന യോഗത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറിമാരും ഡി ജി പി മാരും പങ്കെടുക്കും. സുപ്രീംകോടതി നിർദ്ദേശ പ്രകാരം രൂപീകരിച്ച ദൗത്യസേനയുടെ ആദ്യയോഗം ക്യാബിനറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. സംസ്ഥാനങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമായ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ മന്ത്രാലയം സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3
## INDIA- CHILE

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ - ചിലി സംയുക്ത കമ്മീഷൻ യോഗത്തിൽ വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറും, ചിലി വിദേശകാര്യമന്ത്രി ആൽബർട്ടോ വാൻ ക്ലവേരനും സംയുക്തമായി അധ്യക്ഷത വഹിക്കും. കാർഷിക മേഖല സംബന്ധിച്ച ഇന്ത്യ- ചിലി വ്യാപാര ഉച്ചകോടിയിലും ചിലി വിദേശകാര്യമന്ത്രി പങ്കെടുക്കും. ഇന്നലെയാണ് ചിലി വിദേശകാര്യമന്ത്രി ന്യൂഡൽഹിയിൽ എത്തിയത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിൻറെ പുരോഗതി വിലയിരുത്താനും സഹകരണം ശക്തിപ്പെടുത്താനും ചിലി വിദേശകാര്യമന്ത്രിയുടെ സന്ദർശനം സഹായകമാകും.

&&&&&&&&&&&&&&&&

## JPC WAQF- SUGGESTION

വഖ്ഫ് ഭേദഗതി ബിൽ 2024 ന്മേൽ പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ക്ഷണിച്ച് പാർലമെന്ററി സംയുക്ത സമിതി.

നിർദ്ദേശങ്ങൾ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതി തയ്യാറാക്കിയോ ഇ-മെയിൽ മുഖേനയോ നല്കാമെന്ന് ലോക്സഭാ സെക്രട്ടറിയേറ്റ് അറിയിച്ചു. jpcwaqf-lss@sansad.nic.in എന്ന ഇമെയിൽ വിലാസത്തിലാണ് നിർദ്ദേശങ്ങൾ നൽകേണ്ടത്. നിർദ്ദേശങ്ങൾ സമിതിയുടെ രേഖകളുടെ ഭാഗമാക്കുകയും രഹസ്യസ്വഭാവം നിലനിർത്തുകയും ചെയ്യും.

&&&&&&&&&&&&&&&&

## JK NOMINATION

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ആദ്യഘട്ട നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. ആറ് ജില്ലകളിലായി 24 സീറ്റുകളിലേക്ക് അടുത്തമാസം18 നാണ് ആദ്യഘട്ട വോട്ടെടുപ്പ്. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. രണ്ട്, മൂന്ന് ഘട്ടങ്ങളിലേക്കുള്ള വോട്ടെടുപ്പ് യഥാക്രമം സെപ്റ്റംബർ 25, ഒക്ടോബർ 1 തീയതികളിലാണ്. വോട്ടെണ്ണൽ ഒക്ടോബർ 4 ന് നടക്കും.

&&&&&&&&&&&&&&&&

## KEJRIWAL-JUDICIAL CUSTODY

ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട സിബിഐ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ് രിവാളിൻറെ ജുഡീഷ്യൽ കസ്റ്റഡി കാലവധി അടുത്ത മാസം മൂന്ന് വരെ നീട്ടി. തിഹാർ ജയിലിൽ നിന്ന് വീഡിയോ കോൺഫറൻസിങ് മുഖേന കേജ് രിവാളിനെ റൗസ് അവന്യൂവിലെ പ്രത്യേക ജഡ്ജിക്ക് മുൻപിൽ ഹാജരാക്കിയിരുന്നു. സിബിഐ അറസ്റ്റ് ചോദ്യം ചെയ്ത്

കേജ്‌ രിവാൾ സമർപ്പിച്ച ഹർജി സുപ്രീം കോടതി അടുത്ത മാസം അഞ്ചിന് പരിഗണിക്കും.

&&&&&&&&&&&&&&&&

## STRIKE - WEST BENGAL

കൊൽക്കത്തെയിൽ ഇന്നലെ പ്രതിഷേധ റാലിയിൽ പങ്കെടുത്തവർക്കെതിരായ പോലീസ് നടപടിയിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാളിൽ ബിജെപി ആഹ്വാനം ചെയ്ത 12 മണിക്കൂർ പണിമുടക്ക് തുടരുന്നു. കടകളും സ്കൂളുകളും തുറന്നിട്ടുണ്ട്. ഹൂഗ്ലിയിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. ആർജി കർ മെഡിക്കൽ കോളേജിൽ പീഡനത്തിനിരയായി കൊല്ലപ്പെട്ട പെൺകുട്ടിക്ക് നീതി ലഭിക്കണമെന്നും മുഖ്യമന്ത്രി മമത ബാനർജി രാജിവയ്ക്കണമെന്നും ബിജെപി ആവശ്യപ്പെട്ടു. മാൾഡയിൽ TMC - BJP പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടായി. അതേസമയം പ്രതിഷേധത്തിനിടെയുണ്ടായ വെടിവയ്പ്പിൽ മൂന്ന് ബിജെപി പ്രവർത്തകർക്ക് പരിക്കേറ്റു.

&&&&&&&&&&&&&&&&

## HEADLINE – 5

## PARALYMPIC GAMES-INTRO

പാരീസ് പാരാലിമ്പിക്സ് ഗെയിംസിന് ഇന്ന് തുടക്കമാകും. ഇന്ത്യൻ സമയം രാത്രി 11.30 നാണ് ഉദ്ഘാടന ചടങ്ങുകൾ. അടുത്തമാസം എട്ട് വരെയാണ് പാരീസ് പാരാലിമ്പിക്സ്. ഇതാദ്യമായാണ് ഒരു സമ്മർ പാരാലിമ്പിക്സിന് ഫ്രാൻസ് വേദിയാകുന്നത്.

**ഒരു റിപ്പോർട്ട്.......**

(വോയ്സ്)

*ഇന്ത്യയെ പ്രതിനിധീകരിച്ച് 84 കായിക താരങ്ങളാണ് ഇത്തവണ പാരാലിമ്പിക്സിൽ മാറ്റുരയ്ക്കുന്നത്. പാരാലിമ്പിക് ചരിത്രത്തിലെ ഇന്ത്യയുടെ ഏറ്റവും വലിയ സംഘമാണ് ഇത്തവണത്തേത്. 22 കായിക ഇനങ്ങളിൽ 12 എണ്ണത്തിൽ ഇന്ത്യ മത്സരിക്കും. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി കളത്തിലിറങ്ങും. പാരാ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ കൃഷ്ണ നാഗറിന്റെ മത്സരത്തോടെയാണ് ഇന്ത്യൻ പോരാട്ടങ്ങൾക്ക് തുടക്കമാവുക. ആവണി ലേഖര, മനീഷ് നർവാൾ എന്നിവർ പാരാ ഷൂട്ടിംഗിൽ ഇന്ത്യയ്ക്കായി മത്സരിക്കുന്നുണ്ട്. അതേസമയം, 38 ഇന്ത്യൻ അത്ലറ്റുകൾ പങ്കെടുക്കുന്ന പാരാ അത്ലറ്റിക്സ് മത്സരങ്ങൾക്ക് ഈ മാസം 30 ന് തുടക്കമാകും. എഫ്-64 വിഭാഗത്തിൽ ടോക്കിയോ പാരാലിമ്പിക്സിലെ സ്വർണമെഡൽ ജേതാവ് സുമിത് അന്തിൽ ഇത്തവണയും മത്സരിക്കും. സെപ്റ്റംബർ 4 മുതൽ ആരംഭിക്കുന്ന പവർലിഫ്റ്റിംഗിൽ, പരംജീത് കുമാർ, അശോക്, സക്കീന ഖാത്തൂൺ, കസ്തൂരി രാജാമണി എന്നിവർ രംഗത്തിറങ്ങും. ഇന്ത്യൻ ജൂഡോ താരങ്ങളായ കപിൽ പാർമറും കോകിലയും പാരാലിമ്പിക്സിൽ അരങ്ങേറ്റം കുറിക്കുന്നുണ്ട്. പാരീസ് പാരാലിമ്പിക്സിന് സെപ്റ്റംബർ 8 ന് സമാപനമാകും.*

*ന്യൂസ് ഡസ്ക്, ആകാശവാണി....*

&&&&&&&&&&&&&&&&&

## HEADLINE – 4
## VD SATHEESHAN

ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ എന്തുകൊണ്ടാണ് അന്വേഷണം നടത്താത്തതെന്ന് സംസ്ഥാന സർക്കാർ

വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിനിമ മേഖലയിൽ ഉയർന്നുവരുന്ന ആരോപണങ്ങളുമായി ബന്ധപ്പെട്ട് യഥാർത്ഥ കുറ്റവാളികൾ ആരാണെന്ന് സർക്കാർ മറച്ചുവെക്കുന്നതായും പ്രതിപക്ഷ
നേതാവ് ആരോപിച്ചു. മലപ്പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## HEADLINE – 4 (a)
## SIDDIQUE CASE

യുവ നടിയുടെ പരാതിയിൽ നടൻ സിദ്ദിഖിനെതിരെ തിരുവനന്തപുരം മ്യൂസിയം പൊലീസ് കേസെടുത്തു. 2016 ൽ തിരുവനന്തപുരത്തെ ഹോട്ടലിൽ പരാതിക്കാരിയെ നടൻ പീഡിപിച്ചതായാണ് പരാതി. ഡിജിപിക്ക് ഇമെയിൽ മുഖേനെയാണ് നടി പരാതി നൽകിയത്. പരാതി പ്രത്യേക സംഘത്തിന് കൈമാറും. വെളിപ്പെടുത്തലിന് പിന്നാലെ സിദ്ദിഖ് A.M.M.A. ജനറൽ സെക്രട്ടറി സ്ഥാനം രാജി വച്ചിരുന്നു.

&&&&&&&&&&&&&&&&

## AYYANKALI JAYANTI

കേരള സമൂഹത്തിന്റെ നവോഥാനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായിരുന്ന മഹാത്മാ അയ്യങ്കാളിയുടെ 161-ാാം ജയന്തി ഇന്ന്. ജയന്തിയോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ തിരുവനന്തപുരം വെള്ളയമ്പലത്തെ അയ്യങ്കാളി പ്രതിമയിൽ മന്ത്രിമാരായ ഒ ആർ കേളു, വി.ശിവൻകുട്ടി, ജി ആർ അനിൽ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി.

ജാതിമേൽക്കോയ്മക്കെതിരെ സ്വന്തം ജീവിതംകൊണ്ട് പടനയിച്ച മഹാത്മാവാണ് അയ്യൻകാളിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു.

&&&&&&&&&&&&&&&&

## WAYANAD ALL PARTY MEETING

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ നാളെ സർവകക്ഷിയോഗം ചേരും. വൈകുന്നേരം ഓൺലൈനായിട്ടാണ് യോഗം. അതേസമയം, ഉരുൾപൊട്ടലിൽ തകർന്ന മുണ്ടക്കൈയുടെ പുനരുജ്ജീവനത്തിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ച് മുഖ്യമന്ത്രി ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. കേന്ദ്രത്തിന്റെ എല്ലാവിധ സഹായങ്ങളും പ്രധാനമന്ത്രി ഉറപ്പുനല്കി.

&&&&&&&&&&&&&&&&

## WAYANAD - VISIT

നിയമസഭ പരിസ്ഥിതി സമിതി നാളെയും മറ്റന്നാളും കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് സമിതി വിവരശേഖരണം നടത്തും.

&&&&&&&&&&&&&&&&

## RAIN- KERALA

കേരളത്തിൽ ശനിയാഴ്ച വരെ മഴ തുടരും. ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. നാളെ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ചു ജാഗ്രതയാണ്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&

## IMD-WEATHER

രാജ്യത്തിൻറെ പടിഞ്ഞാറൻ, മധ്യ, തീരപ്രദേശങ്ങളിൽ അടുത്ത രണ്ടു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത അഞ്ച് ദിവസം രാജ്യത്തിൻ്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ട്. ഗുജറാത്ത്, രാജസ്ഥാൻ, തീരദേശ കർണാടക, കേരളം, ജാർഖണ്ഡ്, കൊങ്കൺ, ഗോവ, ഒഡീഷ, മധ്യമഹാരാഷ്ട്ര, ഛത്തീസ്ഗഡ്, തെലങ്കാന, എന്നിവിടങ്ങളിൽ ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&

## GUJARAT RAIN + BIHAR FLOOD

ഗുജറാത്തിൽ സൗരാഷ്ട്രയിലെയും കച്ചിലെയും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. വെള്ളപ്പൊക്ക സാധ്യതയുടെ പശ്ചാത്തലത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന 23,000 ത്തിലധികം ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി .നിരവധി ട്രെയിനുകൾ റദ്ദാക്കി. പ്രളയബാധിത ജില്ലകളിലെ സ്കൂളുകൾക്ക് ഇന്നും അവധി

നൽകിയിട്ടുണ്ട്. അതേസമയം, ബീഹാറിലെ ഭഗൽപൂർ, മുൻഗർ, വെസ്റ്റ് ചമ്പാരൻ, ഖഗാരിയ, കതിഹാർ, എന്നീ ജില്ലകളിൽ വെള്ളപ്പൊക്കത്തെത്തുടർന്ന് ആയിരക്കണക്കിന് ആളുകളെ മാറ്റിപ്പാർപ്പിച്ചു. ഗംഗ, ഗണ്ഡക്, കോശി, മഹാനന്ദ തുടങ്ങിയ നദികളുടെ വൃഷ്ടിപ്രദേശങ്ങളിൽ ജലനിരപ്പ് പലയിടത്തും അപകടനിലയ്ക്ക് മുകളിലെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## ASSAM-ASSEMBLY

അസം-ബംഗ്ലാദേശ് അതിർത്തി പൂർണമായും അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് അസം സർക്കാർ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനായുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിർത്തി വഴിയുള്ള അനധികൃത കുടിയേറ്റം തടയുകയാണ് ലക്ഷ്യമെന്നും അസം കൃഷി മന്ത്രി അതുൽ ബോറ ഇന്ന് നിയമസഭയെ അറിയിച്ചു. 4.35 കിലോമീറ്റർ അതിർത്തി വേലി മാത്രമാണ് ഇനി പൂർത്തിയാകാനുള്ളതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&